**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2425** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള അഡ്വാൻസ് തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. വി. സുമേഷ് (മുഖ്യമന്ത്രി)

**(എ)** എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് സ്ഥാപനങ്ങൾക്ക് വിഹിതം നൽകി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മുഴുവൻ തുകയും അഡ്വാൻസ് ആയി നൽകുന്നതിന് ധനവകുപ്പിന്റെ നിർദേശമുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

**എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുൻകൂർ തുക അനുവദനീയമല്ല.**

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നത് സംബന്ധിച്ച സ.ഉ(അച്ചടി) നം. 161/2017/ധന, തീയതി 29/12/2017 ഉത്തരവിലെ ഖണ്ഡിക 4.6 പ്രകാരം എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുൻകൂർ തുക അനുവദനീയമല്ല. ടി ഉത്തരവിലെ ഖണ്ഡിക 4.7 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുകയാണെങ്കിൽ Non PMC ആയി അനുവദിക്കുന്ന പ്രവൃത്തികളിൽ സ.ഉ (പി) നം 67/2021/ധന തീയതി 28/04/2021 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി അഡ്വാൻസ് അനുവദനീയമാണ്. നിയമാനുസരണമുള്ള മുൻകൂർ തുക (20%) അനുവദിക്കാവുന്നതും ബാക്കി തുക പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതിന് ശേഷം മാത്രം അനുവദിക്കേണ്ടതുമാണ്.

**(ബി)** ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി അനുബന്ധമായി നൽകാമോ?

**<u>മറുപടി:</u>** എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നത് സംബന്ധിച്ച സ.ഉ(അച്ചടി) നം. 161/2017/ധന, തീയതി 29/12/2017 , സ.ഉ (പി) നം 67/2021/ധന തീയതി 28/04/2021 എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (1) ആയി ചേർക്കുന്നു

**സെക്ഷൻ ഓഫീസർ**